ലോകബാങ്ക് പരിപാടിയുടെ ഭാഗമായി ഗിരിജനങ്ങൾക്കായി വയനാട്ടിലെ ബേഗൂർ റേഞ്ചിൽ 100 ഹെക്ടർ ഔഷധത്തോട്ടവും 2000 ഹെക്ടർ വിറക് തോട്ടം വെച്ചുപിടിപ്പിക്കുന്നതിനും പരിപാടിയുണ്ട്. ഇതിൽ 20 ഹെക്ടർ ഔഷധത്തോട്ടവും 40 ഹെക്ടർ വിറക്തോട്ടവും നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിനെല്ലാം പുറമേ ഗിരിജനങ്ങൾക്കായി എൻ. ആർ. ഇ. പി. പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കുന്നുണ്ട്.

ഓയിൽപാം കോർപ്പറേഷന് വിട്ടുകൊടുത്ത വനഭൂമി

861 [1867] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓയിൽപാം കോർപ്പറേഷന് എത്ര ഹെക്ടർ വനഭൂമി സർക്കാർ കൊടുത്തു ;

(ബി) അതിൽ എത്ര ഹെക്ടർ ഭൂമിയിലെ വനം ക്ലിയർ ഫെൽ ചെയ്തുവന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) ഇതുമൂലം കോർപ്പറേഷന് എന്ത് വരുമാനമുണ്ടായി ;

(ഡി) എത്ര വർഷത്തേക്കാണ് കോർപ്പറേഷന് ഈ വനഭൂമി വിട്ടുകൊടുത്തിരിക്കുന്നത് ?

ഉത്തരം

(എ) 3702.19 ഹെക്ടർ.

(ബി) ക്ലിയർഫെല്ലിംഗ് കഴിഞ്ഞശേഷമാണ് 3702.19 ഹെക്ടർ വനഭൂമിയും വിട്ടുകൊടുത്തിട്ടുള്ളത്. ഇത് കൊല്ലം ജില്ലയിലാണ്.

(സി) വനംവകുപ്പ് ക്ലിയർഫെൽ ചെയ്തതിനുശേഷമാണ് ഓയിൽപാം കോർപ്പറേഷന് വനഭൂമി നൽകിയിട്ടുള്ളത്. അതിനാൽ ഇതുമൂലം കമ്പനിക്ക് വരുമാനമൊന്നുമില്ല.

(ഡി) 50 വർഷത്തേക്ക്.

വനവൽക്കരണത്തിന് സ്വകാര്യ ഏജൻസികളെ ഏർപ്പെടുത്തുവാനുള്ള നടപടി

862 [1868] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനവൽക്കരണത്തിന് സ്വകാര്യ ഏജൻസികളെ ഏർപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ വനവൽക്കരണ പരിപാടി ആസൂത്രണം ചെയ്യാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ ;

(സി) ഉണ്ടെങ്കിൽ, കേരളത്തിലെ പ്രകൃതിസംരക്ഷണ പരിപാടികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെ ഒരു സർവേ നടത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly